# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4329** **17.12.2014**-ൽ മറുപടിക്ക്

**ചികിത്സാ ധനസഹായങ്ങൾക്ക് സാക്ഷ്യ പത്രം നൽകുന്നതിലുള്ള പ്രശ്നങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. ഗീതാ ഗോപി | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | പാവപ്പെട്ടവർക്കു ചികിത്സാ ധന സഹായം നൽകുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ അധീന തയിലുള്ള സൊസൈറ്റികളിൽ അപേക്ഷ നൽകുന്നതിന്; സാക്ഷ്യ പത്രം നൽകുവാൻ അധികാര പ്പെടുത്തിയ ആരോഗ്യ വകുപ്പ് അധികൃതർ ആരൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | സൊസൈറ്റിയുടെ അംഗീകൃത ആശുപത്രി കളിൽ രോഗിയെ ചികിത്സിക്കുന്ന ഡോക്ടർമാർക്കാണ് ചികിത്സാ സാക്ഷ്യ പത്രങ്ങൾ നൽകാൻ അധികാരമുള്ളത്. |
| (ബി) | മെഡിക്കൽ കോളേജുകൾ പോലുള്ള ആശുപത്രികളിലെ തിരക്കുമൂലം യഥാസമയം സാക്ഷ്യപത്രം ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന പ്രശ്നം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ; | (ബി) | ചികിത്സാ സാക്ഷ്യപത്രങ്ങൾ ലഭിയ്ക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (സി) | ഈ പദ്ധതി പ്രകാരമുള്ള രോഗികൾക്ക് സാക്ഷ്യപത്രം നൽകുന്നതിന് PHC, CHC ഡോക്ടർമാർക്ക് അധികാരം നൽകുന്നതിന് നടപടി സ്വീകരി ക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | ചികിത്സയേയും ചെലവു വന്ന തുകയേയും സംബന്ധിച്ച് വ്യക്തമായ സ്ഥിരീകരണം ലഭിക്കേണ്ടതുള്ളതിനാലും ആർ.എസ്.ബി.വൈ യുടെ ചിസ് പ്ലസ് ആനുകൂല്യം ലഭിക്കുന്നുണ്ടോ എന്ന കാര്യം വെരിഫൈ ചെയ്യേണ്ടതിനാലും രോഗികൾക്ക് ചികിത്സാ സാക്ഷ്യപത്രം നൽകുന്നതിന് പി.എച്ച്.സി, സി.എച്ച്.സി ഡോക്ടർമാർക്ക് അധികാരം നൽകുന്നത് പദ്ധതിയുടെ ലക്ഷ്യത്തിന് സഹായകരമല്ല. |

**സെക്ഷൻ ഓഫീസർ**